ദി രജിസ്ട്രാർ,
മഹാത്മാഗാന്ധി സർവകലാശാല,
കോട്ടയം.

# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.6519/എ.3/2/2018/ഭ.വി. തീയതി : 06/09/2018

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർക്കാർ ഉത്തരവ് സർക്കുലർ നം.കെ3/278/2018- ഉ.വി.വ. തീയതി 16/08/2018 സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലറുടെ ചുമതല വഹിയ്ക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**മനോജ് കുമാർ കെ. എസ്.**
**അസിസ്റ്റന്റ് രജിസ്ട്രാർ I (ഭ വി)**
**രജിസ്ട്രാർക്കു വേണ്ടി**

1) എല്ലാ വിഭാഗങ്ങളും/ഡിപ്പാർട്ട്മെൻറുകളും/സെൻററുകളും.
2) വൈസ് ചാൻസിലർ/പ്രോ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
4) ജോയിൻറ് ഡയറക്ടർ, .
   കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്,
   മഹാത്മാഗാന്ധി സർവകലാശാല
5) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്.
   (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
6) എഫ്.സി.സി./എ.സി.സി./ഫിനാൻസ് I/ IV/ഓഡിറ്റ് I/V/ഐ.ക്യൂ.എ.സി
   എഡി എ1/ എഡി.എ II/എഡി.എ IV/എഡി എ V/എഡി.സി.I/II/III.
7) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ.
8) ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/851/2018/ഭ.വി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

Ad A iii

File No.HEDN-K3/278/2018-HEDN

രജിസ്ട്രാർ
നമ്പർ 4206
തീയതി 23/8/18

MAHATMA GANDHI UNIVERSITY
Tapal No: 2194
Date: 23/8/18
KOTTAYAM, KERALA

കേരള സർക്കാർ

നം:കെ3/278/2018-ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16/08/2018

വിഷയം:- ഉന്നത വിദ്യാഭ്യാസം - പ്രളയക്കെടുതി - ഓണാഘോഷത്തിനായി സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നത് - സംബന്ധിച്ച്.

## സർക്കുലർ

കേരള സംസ്ഥാനം നാളിതുവരെ കണ്ടിട്ടില്ലാത്തതരത്തിലുള്ള പ്രളയ ദുരന്തമാണ് ഇപ്പോൾ കേരള ജനത അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഓരോ ദിവസവും നിരവധി പേർക്ക് ജീവഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നു. ധാരാളം വീടുകളും, കൃഷിയിടങ്ങളും പൂർണ്ണമായി നശിച്ചു. പല പ്രദേശങ്ങളും ഒറ്റപ്പെട്ടു. ചരിത്രത്തിലാദ്യമായി എല്ലാ ഡാമുകളും തുറന്നുവിടേണ്ട സ്ഥിതി വിശേഷമുണ്ടായിരിക്കുന്നു. നിരവധി റോഡുകളും, പാലങ്ങളും ഒലിച്ചു പോയി. ദുരിതങ്ങൾക്കും നാശനഷ്ടങ്ങൾക്കും കണക്കില്ല.

പ്രളയക്കെടുതി അനുഭവിക്കുന്നവർക്ക് സർക്കാർ എല്ലാവിധ സഹായങ്ങളും നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നു. നിരവധി വ്യക്തികളും സന്നദ്ധ സംഘടനകളും ഈ സംരംഭത്തിൽ സർക്കാരിനോടൊപ്പം പങ്കാളികളായിട്ടുമുണ്ട്. എങ്കിലും, കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടെങ്കിൽ മാത്രമേ, നമുക്ക് നിലവിലെ ഈ ദുരന്തത്തെ അഭിമുഖീകരിക്കുവാൻ സാധിക്കുകയുള്ളൂ.

പ്രളയക്കെടുതിയെത്തുടർന്ന്, സർക്കാർ ഓണവുമായി ബന്ധപ്പെട്ട എല്ലാ ആഘോഷപരിപാടികളും ഉപേക്ഷിച്ചിട്ടുണ്ട്. കൂടാതെ, നിരവധി വ്യക്തികളും, സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും ഓണാഘോഷങ്ങൾക്കായി സ്വരൂപിച്ച തുക സർക്കാരിന്റെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകിയിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ വർഷം ഓണത്തോടനുബന്ധിച്ചുള്ള ആഘോഷ പരിപാടികൾ ഒഴിവാക്കുവാനും, ആയതിലേക്കായി സമാഹരിച്ച തുക, ഇനി സ്വരൂപിക്കുവാൻ കഴിയുന്നത്ര പരമാവധി തുകയും ചേർത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തരുൺലാൽ. എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
4. പ്രിൻസിപ്പൽ, ലോ കോളേജ്, തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
5. നോഡൽ ഓഫീസർ, ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, ഐ & പി. ആർ. ഡി, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി